7 ലക്ഷം ലിറ്റർ ജലസംഭരണിയുടെ അപ്രോച്ച് റോഡിനുള്ള സ്ഥലം കഴിച്ച് ബാക്കിയുള്ളവ ലഭിച്ചു കഴിഞ്ഞു.

പയ്യന്നൂർ നഗരസഭയിലെ ശുദ്ധ ജലവിതരണ പദ്ധതി

86 [268] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ നഗര സഭയിലെ എൽ.ഐ.സി. ധനസഹായത്തോടെയുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ എൻജിനിയറിംഗ് റിപ്പോർട്ടിന് അംഗീകാരം ലഭ്യമാക്കുന്നതു സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുകയുണ്ടായോ ;

(ബി) എൽ.ഐ.സി.യിൽ നിന്നും ലഭ്യമായ ധനസഹായം വിനിയോഗിച്ച് എത്രയും പെട്ടെന്ന് പദ്ധതി പ്രവർത്തനം ആരംഭിക്കുവാനും ഈ ശുദ്ധജല വിതരണ പദ്ധതി പ്രവർത്തനത്തിനാവശ്യമായ ഗവൺമെന്റ് ധനസഹായം ലഭ്യമാക്കുവാനും സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ?

ഉത്തരം

(എ) ഈ പദ്ധതിക്ക് 1999 ഡിസംബർ മാസത്തിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

(ബി) കണ്ണൂർ പി. എച്ച്. ഡിവിഷൻ തയ്യാറാക്കിയ പ്രാഥമിക എൻജിനീയറിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പദ്ധതിക്ക് ഭരണാനുമതി നൽകിയത്. ഇതിൽ എച്ചിലാംവയൽ എന്ന സ്ഥലത്ത് ജലസംഭരണിയുടെ നിർമ്മാണത്തിന് ഉദ്ദേശിച്ചിരുന്ന സൈറ്റ്, സംഭരണിയുടെ സ്ഥാനത്തിന് യോജിച്ചതല്ലെന്ന് കണ്ടതിനാൽ പ്രസ്തുത സംഭരണിക്കായി നെല്ലിയാട്ടുപാറ എന്ന സ്ഥലത്ത് പുതിയ സൈറ്റ് കണ്ടെത്തുകയും അതിൻ പ്രകാരം പുതിയ എൻജിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു. സംഭരണിക്കായി തിരഞ്ഞെടുത്ത രണ്ടു സൈറ്റുകൾ തമ്മിൽ എലിവേഷനിൽ വ്യത്യാസം വന്നതിനാൽ പദ്ധതി റീ-ഡിസൈൻ ചെയ്യേണ്ടതായി വന്നു. ഈ പദ്ധതിക്കായി പ്രതിദിനം 13 ദശലക്ഷം ലിറ്റർ ജലമാണ് വേണ്ടത്. ഇതിന് സ്രോതസ്സ് നിശ്ചയിച്ചിട്ടില്ല.

കാസർകോട്ടെ ബാവിക്കര റഗുലേറ്ററിന്റെ പണി

87 [269] *ശ്രീ. സി. ടി. അഹമ്മദ് അലി* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോട്ടെ ബാവിക്കര റഗുലേറ്ററിന്റെ പണി ആരംഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പണി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും ;

LIBRARY ARCHIVES Kerala Legislative Assembly